പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7200

16.7.2012-ൽ
മറുപടിക്ക്

# റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം
ശ്രീ.എം.ചന്ദ്രൻ:

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് എവിടെയെങ്കിലും നദികളും പുഴകളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) നദികളുടെ സംരക്ഷണവും നദീതീര വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയിട്ടുള്ളത്. നദികളുടെ തീരങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുക, നദികളിൽ തടയണകൾ നിർമ്മിക്കുക, നദീതീരങ്ങൾ സംരക്ഷിക്കുവാനുതകുന്ന രീതിയിൽ മുള മുതലായ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. |
| (സി) ഭാരതപ്പുഴ സംരക്ഷണത്തിനായി ഇതിനകം എത്ര തുക റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് ; | (സി) 3,91,45,494/- രൂപ |
| (ഡി) ഇനി എത്ര തുക ചെലവഴിക്കുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) 8,11,45,954/- രൂപ |

| | |
|---|---|
| (ഇ) ബാക്കിയുള്ള പണം ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ? | (ഇ) 9,23,63,714/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ച "Construction of Check dam across Bharathappuzha down stream of Cheruthuruthy bridge at Vallathol Nagar Grama Panchayath" എന്ന പ്രവൃത്തി നിലവിലെ ഡിസൈനും തുകയും പ്രകാരം പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാലും പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ മരണപ്പെട്ടതിനാലും ടി കോൺട്രാക്ടറെ ഒഴിവാക്കുന്നതിനും പുതുക്കിയ ഡിസൈൻ പ്രകാരമുള്ള ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതിനാലുമാണ് തുക ചെലവഴിക്കുവാൻ സാധിക്കാത്തത്.<br>ഭാരതപ്പുഴ സംരക്ഷണത്തിനായി ഭരണാനുമതി ലഭിച്ച മറ്റ് 3 പ്രവൃത്തികൾ തുടർന്നു വരുന്നു. ടി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ